## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5695 :** **27.10.2011 ൽ മറുപടിയ്ക്ക്**

### *ഐ.ടി.ഐ. കളിലെ മെഷീൻ മെയിന്റനൻസ് സെൽ*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ എത്ര ഐ.ടി.ഐ. കളിലാണ് മെഷീൻ മെയിന്റനൻസ് സെൽ (എം.എം.സി) നിലവിലുണ്ടായിരുന്നത്; എം.എം.സി.കളുടെ ചുമതലകൾ എന്തെല്ലാമായിരുന്നു; | (എ) വ്യാവസായിക പരിശീലന വകുപ്പിൽ 5 ഐ.ടി.ഐ. കളിലാണ് മെഷീൻ മെയിന്റനൻസ് സെൽ നിലവിലുള്ളത്. ഓരോ എം.എം.സി. കളും അതാതിന്റെ അധികാര പരിധിയിൽ വരുന്ന ഐ.ടി.ഐ. കളിൽ മെഷീനുകൾ സ്ഥാപിക്കുക, സ്ഥാപിച്ചിട്ടുള്ള മെഷീനുകൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് കാലാകാലങ്ങളിലുണ്ടാകുന്ന തകരാറുകൾ പരിശോധിക്കുക, പരിഹരിക്കുക തുടങ്ങിയ ചുമതലകളാണ് നിർവ്വഹിക്കുന്നത്. |
| (ബി) ആയതു നിർത്തലാക്കുന്നതിനായി വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | (ബി) നിർത്തലാക്കാൻ ഉത്തരവിറക്കിയിട്ടില്ല. |
| (സി) ഇങ്ങനെ എം.എം.സി.കൾ നിർത്തലാക്കാൻ ഉണ്ടായിട്ടുള്ള സാഹചര്യം എന്താണ്; ഐ.ടി.ഐ. കളിൽ പുതുതായി വാങ്ങുന്ന മെഷീനറികൾ മെയിന്റനൻസ് ആവശ്യമില്ലാത്തവയാണോ;<br>(ഡി) അല്ലെങ്കിൽ എം.എം.സി.കൾ നിർത്തലാക്കുമ്പോൾ നിലവിലുള്ള മെഷീനറികൾ മെയിന്റയിൻ ചെയ്യപ്പെടുന്നതിനായി എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; | ***(സി) & (ഡി)*** ബാധകമല്ല |

(ഇ) കഴിഞ്ഞ 10 വർഷത്തിനിടയിൽ എം.എം.സി. കളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തിയിട്ടുണ്ടോ; ആയതിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരം യോഗങ്ങളിലെപ്പോഴെങ്കിലും എം.എം.സി.കൾ നിർത്തലാക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) കഴിഞ്ഞ കാലങ്ങളിൽ മെഷീൻ മെയിന്റനൻസ് സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു. പ്രവർത്തന അവലോകന യോഗത്തിൽ നിന്നും പഴയതും പുതിയതുമായ പല മെഷീനുകളും എം.എം. സെല്ലിന് നന്നാക്കാൻ കഴിയില്ലായെന്നും പുറത്തുള്ള മറ്റു സ്ഥാപനങ്ങളുടെ സേവനം വേണമെന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട്. എം.എം.സെൽ പാടെ നിറുത്തലാക്കപ്പെടുന്ന തരത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

(എഫ്) വകുപ്പിലെ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തനത്തിൽ പോരായ്മ വരുത്തിയാൽ അവ നിർത്തിവയ്ക്കുവാൻ നിലവിൽ ഉത്തരവുണ്ടോ?

(എഫ്) ഇല്ല

സെക്ഷൻ ഓഫീസർ

# 18/09/10-നു ഡയറക്ടറുടെ അധ്യക്ഷതയിൽ ഡയറക്ടറുടെ ചേമ്പറിൽ കൂടിയ MMC/EMW ജീവനക്കാരുമായി നടത്തിയ യോഗത്തിന്റെ മിനിട്ട്സ്

യോഗം:- യോഗം രാവിലെ 11.30-നു ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | Shri.B.Sreekumar, Additional Director of Training. |
| 2. | Shri.Madhavan.P.K, Joint Director of Training. |
| 3. | Shri.K.B.Vijayan. |
| 4. | Shri.K.Sankara Narayana Pillai. |
| 5. | Shri.B.S.Sreekumaran, ITI Chackai. |
| 6. | Shri.V.Krishnan, ITI Kozhikkode. |
| 7. | Shri.P.P.Vincent, EMW, ITI Kalamassery. |
| 8. | Shri.N.D.George, EMW, ITI Kalamassery. |
| 9. | Shri.K.J.Josy, EMW, ITI Kalamassery. |
| 10. | Shri.Rajan.C.C, Principal, ITI Malampuzha. |
| 11. | Shri.K.Gopinathan, ITI Malampuzha. |
| 12. | Shri.Selvan.J, ITI Malampuzha. |
| 13. | Shri.Manoj Kumar.T, ITI Kozhikkode. |
| 14. | Shri.Jayarajan.P, ITI Kozhikkode. |
| 15. | Shri.V.A.Sartho Jose, ITI Kalamassery. |
| 16. | Shri.Krishnan.P, ITI Calicut. |
| 17. | Shri.K.Mani, ITI Kalamassery. |
| 18. | Shri.S.V.Maxwell, ITI Chackai. |
| 19. | Shri.Ravi Kumar.R, Vice Principal, ITI Kalamassery. |
| 20. | Shri.M.C.Bharathan, Principal, ITI Kozhikkode. |
| 21. | Shri.Ajith Xavier Varghese, WSA, MMC, ITI Chackai. |
| 22. | Shri.Raju Joseph, MMC, ITI Ettumanoor. |
| 23. | Shri.Sunil Kumar.K.R, S.I, EMC, ITI Ettumanoor. |
| 24. | Shri.G.Lal Kumar, WSA, ITI Ettumanoor. |
| 25. | Shri.S.Baburajan, M.Mechanic, ITI Chackai, Tvpm. |
| 26. | Shri.D.Pramod, Junior Superintendent, Directorate of Training. |
| 27. | Shri.G.R.Renjith, UD Clerk, Directorate of Training. |

ഈ വകുപ്പിന് കീഴിലുള്ള MMC/EMW എന്നിവ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നും, വിവിധ ഐ.ടി.ഐ.കളിൽ ഉള്ള യന്ത്ര സാമഗ്രികൾക്കുണ്ടായ തകരാറുകൾ യഥാസമയം പരിഹരിക്കുന്നില്ലെന്നും ബോധ്യപ്പെട്ടിരിക്കുന്നതായി ഡയറക്ടർ അറിയിച്ചു.

ഐ.ടി.ഐ.കളിൽ നിലവിലുള്ള എല്ലാ യന്ത്രോപകരണങ്ങളുടേയും ഹിസ്റ്ററി ഷീറ്റ് ഉൾപ്പെടുന്ന ഒരു ലോഗ് ബുക്ക് സൂക്ഷിക്കാറുണ്ടോ എന്ന് ഡയറക്ടർ MMC/EMW ടീമുകളോട് ആരാഞ്ഞു. മെഷനറികൾക്ക് ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ അത് അപ്ഡേറ്റ് ചെയ്തിട്ടില്ലെന്നും ശ്രീ.ബാബുരാജൻ അറിയിച്ചു.

എല്ലാ മെഷീന്റെയും ഹിസ്റ്ററി ഷീറ്റ് ഉൾപ്പെടുന്ന ഒരു ലോഗ് ബുക്ക് അതാത് സമയങ്ങളിൽ നടത്തുന്ന മെയിന്റനൻസ് ജോലികളുടെ വിവരം ഉൾപ്പെടുത്തി അപഡേറ്റ് ചെയ്യേണ്ടതാണ് ഡയറക്ടർ നിർദ്ദേശിച്ചു.

EM Cell, EMW എന്നിവരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് പല ഐ.ടി.ഐ.കളിൽ നിന്നും ലഭിയ്ക്കുന്നില്ല. ഓരോ മാസത്തെയും റിപ്പോർട്ട് അടുത്ത മാസം 5-ാം തീയതിക്ക് മുമ്പായി ഡയറക്ടറേറ്റിൽ എത്തിക്കണം.

കേടുപാടുകൾ മൂലം പ്രവർത്തനരഹിതമായ യന്ത്രോപകരണങ്ങൾ കണ്ടംനേഷന് വിധേയമാക്കുന്നതിന് മുമ്പ് റീ-കണ്ടീഷൻ നടത്തി പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുവാൻ MMC/EMW സെല്ലുകളോട് ഡയറക്ടർ ആവശ്യപ്പെട്ടു. ഇവർക്ക് സാധിച്ചിട്ടില്ലെങ്കിൽ മെ:എച്ച്.എം.റ്റി പോലുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സേവനവും വിനിയോഗിക്കുവാനും ഡയറക്ടർ നിർദ്ദേശിച്ചു.

MMC/EMW സെല്ലുകൾ പരിശോധിച്ച് ഡിഫക്റ്റ് റിപ്പോർട്ട് ചെയ്ത ഉപകരണങ്ങളിൽ, കേടായ ആക്സസറീസുകൾ മാറ്റുന്നതിനുള്ള ശുപാർശ നൽകാറുണ്ടെന്നും, ആയത് ലഭിക്കുവാൻ കാലതാമസം വരുന്നുവെന്നും, ആയതിനാൽ ടി അക്സസറീസുകൾ മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി സംഭരിക്കുന്നതിന് പ്രിൻസിപ്പാൾമാരുടെ സാമ്പത്തിക അധികാര പരിധി ഉയർത്തണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു.

മെയിന്റനൻസ് ഫണ്ടിൽ നിന്നും സംഭരിക്കുന്നുള്ള/റിപ്പയർ നടത്തുന്നതിനുള്ള പ്രിൻസിപ്പാൾമാരുടെ സാമ്പത്തിക അധികാര പരിധി ഉയർത്തുന്നതിനായി ആവശ്യമായ ഉത്തരവ് നൽകാമെന്നും ഡയറക്ടർ അറിയിച്ചു.

ഐ.ടി.ഐ.കളിൽ യന്ത്രതകരാറ് മൂലമല്ലാതെ അകസ്സറീസുകളുടെ അഭാവം മൂലം ഉപയോഗിക്കാതെ ഇരിക്കുന്ന ഉപകരണങ്ങൾ നിലവിലുണ്ടോ എന്ന് ഡയറക്ടർ ആരാഞ്ഞു

ഇപ്രകാരം ഉപയോഗിക്കാതെ ധാരാളം ഉപകരണങ്ങൾ ഐ.ടി.ഐ. യിൽ നിലവിലുണ്ടെന്നും, അവയിൽ വിലയേറിയ ലെയ്ത്ത്, ടിഗ് മിഗ്, വെൽഡിംഗ് മെഷീൻ, മില്ലിംഗ് മെഷീൻ, കുപ്പോള ഹർണസ് എന്നീ ഉപകരണങ്ങളും ഉൾപ്പെടുന്നതായി MMC/EMW ജീവനക്കാർ അറിയിച്ചു.

ഇപ്രകാരം ഉപയോഗിക്കാൻ സാധിക്കാതെ ഇരിക്കുന്ന ഉപകരണങ്ങൾക്ക്, ഉപയോഗിക്കാൻ സാധ്യമാക്കുന്ന രീതിയിലാക്കിയെടുക്കുവാൻ എന്തൊക്കെ അക്സസറീസുകൾ വേണ്ടി വരും എന്നുള്ള ഒരു റിപ്പോർട്ട് ഉൾപ്പെടെ അതിന് വേണ്ട ശുപാർശ സഹിതം ഡയറക്ടറേറ്റിൽ നൽകുവാൻ ഡയറക്ടർ നിർദ്ദേശിച്ചു. കൂടാതെ, ഏറ്റുമാനൂർ ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിച്ച്, ടി ഐ.ടി.ഐ.യിൽ MMC/EMW സെല്ലുകൾ സന്ദർശിച്ച് പരിശോധന നടത്തുവാനും ഡയറക്ടർ നിർദ്ദേശിച്ചു.

MMC/EMW സെല്ലിലെ ജീവനക്കാർക്ക് യഥാസമയം ട്രെയിനിംഗ് ലഭിക്കുന്നില്ല എന്നുള്ള പരാതി യോഗത്തിൽ ജീവനക്കാർ ഉന്നയിച്ചു.

MMC/EMW സെല്ലിലെ മുഴുവൻ ജീവനക്കാർക്കും ATI ഹൈദ്രാബാദിൽ ട്രെയിനിംഗ് കർശനമായി നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കണമെന്നും, ട്രെയിനിംഗിൽ പങ്കെടുക്കാതെ മാറി നിൽക്കുന്ന ജീവനക്കാരുടെ, സ്ഥാനക്കയറ്റങ്ങൾ നൽകുന്നത് ഉൾപ്പെടെയുള്ളവ തടഞ്ഞ് വെയ്ക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

CNC ലേയ്ത്ത് പോലുള്ള വിലയേറിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് ലഭ്യമാക്കണമെന്ന് MMC/EMV സെല്ലിലെ ജീവനക്കാർ ആവശ്യപ്പെട്ടു.

ഇത്തരം ഉപകരണങ്ങൾ സംഭരണം നടത്തുമ്പോൾ തന്നെ, ഇവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് ടി കമ്പനികളിൽ നിന്ന് തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഡയറക്ടർ അറിയിച്ചു.

ഐ.ടി.ഐ.കളിലെ വർക്ക്ഷോപ്പിലെ വയറിംഗ് സംവിധാനം പാടെ തകരാറിലാണതും, അത് മൂലം യന്ത്രസാമഗ്രികൾക്ക് തകരാറ് സംഭവിക്കുന്നതിനും, ജീവനക്കാർക്കും, ട്രെയിനികൾക്ക് അപകടം സംഭവിക്കുന്നതിനും, ഉള്ള സാധ്യതകൾ ഏറെയാണെന്ന് MMC/EMW ജീവനക്കാർ അറിയിച്ചു.

ഇത് അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ ഇപ്രകാരമുള്ള തകരാറ് പരിഹരിക്കുന്നതിന് റീ-വയറിംഗ് അത്യാവശ്യമാണെന്നും, ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് എത്രയും പെട്ടെന്ന് തയ്യാറാക്കി നൽകുവാനും, ഇതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുവാനുള്ള നടപടികൾ സ്വീകരിക്കാമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

MMC/EMW സെല്ലുകൾ നിയന്ത്രിക്കേണ്ടത് ഒരു മിൽറൈറ്റ് ഫോർമാൻ ആണെന്നും, ടി തസ്തികയിൽ മുമ്പ് ജീവനക്കാരെ നിയമിച്ചിരുന്നുവെന്നും, ഇപ്പോൾ ടി തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ലെന്നും അക്കാരണത്താൽ വർക്കുകളെ ഏകോപ്പിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായും, ടി സെല്ലുകൾ പ്രവർത്തിപ്പിക്കുന്ന ഐ.ടി.ഐ.യിലെ പ്രിൻസിപ്പാൾമാർ അറിയിച്ചു.

ഈ വിഷയം ഈ ആഫീസിൽ നിന്നും പരിഹരിക്കാവുന്നതെങ്കിൽ പരിഹരിക്കാമെന്നും ഇല്ലെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും ഡയറക്ടർ അറിയിച്ചു.

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ.
*//അംഗീകാരത്തോടെ//*

*ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി.*

പി.സി.30/09.